**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**

ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്:

**www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:ആരോഗ്യവകുപ്പ് - ഡോ.ബിനുലാൽ വി ഭാസ്ക്കർ (Dr. Binulal V Bhaskar ), കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - അസിസ്റ്റന്റ് സർജൻ കേഡറിലെ പ്രൊബേഷൻ അവസാനിപ്പിച്ച് സെർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. നം. എ5- 5321/2020/ജിമെആ കണ്ണൂർ തീയതി.07.05.2020

2. നം. DHS/8718/2023-EA4(36) തീയതി. 07.10.2024

**ഉത്തരവ് നം DHS/8718/2023-EA4 (36) തീയതി.08-12-2024**

ഡോ. ബിനുലാൽ വി ഭാസ്ക്കർ, 25.04.2015 ൽ ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ ആയി ജോലിയിൽ പ്രവേശിപ്പിക്കപ്പെട്ട വ്യക്തിയാണ്. പയ്യന്നൂർ താലൂക്ക് ആശുപത്രി യിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ

ആയി സേവനത്തിൽ തുടരവെ **14.01.2020** മുതൽ ടിയാൾ അനധികൃതമായി ജോലിയ്ക്കു ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം **(1)** പ്രകാരം കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് **(Work and Conduct)** തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാർശം **(2)** പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഡോ. ബിനുലാൽ വി ഭാസ്ക്കർ പ്രസ്തുത നോട്ടീസിനോട് പ്രതികരിച്ചിട്ടില്ല.

**2 . 14.01.2020** മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ. ബിനുലാൽ വി ഭാസ്ക്കർ ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**3.** മേൽ സാഹചര്യത്തിൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ. ബിനുലാൽ വി ഭാസ്ക്കർ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സെർവീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Reena K J
Date: 08-12-2024 11:56:51

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr. Binulal V Bhaskar ,**

**Vareepallil House, Kallara South P O, Kallara, Kottayam -686611**

[രജിസ്റ്റേർഡ് (എഡി സഹിതം)]

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (A & E), തിരുവനന്തപുരം

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കണ്ണൂർ

3.സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി പയ്യന്നൂർ

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

5. ഫയൽ / സ്റ്റോക്ക് ഫയൽ